# ലൂക്കാ13:1-19

മാനസാന്തരപെടുക എന്ന പ്രയോഗത്തിന് മനുഷ്യോത്പ്പത്തിയോളം തന്നെ പഴക്കമുണ്ട്. മലയാളത്തില് "മാനസാന്തരം" മനസ്സിന്റെ അന്തരം അഥവാ മനസ്സിന് സംഭവിക്കേണ്ട മാറ്റമാകുമ്പോൾ,മാസന്തരപ്പെടുക എന്ന മലയാളപദത്തിന്റെ തത്തുല്യമായ ഗ്രീക്ക് പദം 'മെത്തനോയിയ' എന്നാണ്. സ്നാപകയോഹന്നാന് മരുഭുമിയിൽ വന്നു പ്രസംഗിച്ചത് ഈ അര്ത്ഥത്തിലാണ്,പ്രവര്ത്തികളിൽ നിന്ന് പിന്തിരിയുക. തിന്മ നിറഞ്ഞ പ്രവര്ത്തികളെ വര്ജ്ജിക്കുക എന്നൊക്കെ ഇതിന് അര്ത്ഥം ഉണ്ട്. മാനസാന്തരം എന്ന പദത്തിന് തത്തുല്യമായ ഹീബ്രു പദം 'ഷബെ'എന്നാണ്. ഒരേ ദിശയിലേക്ക് പോകുന്ന കുതിരയുടെ കുളമ്പ് നേരെ എതിര്ദിശയിലേക്ക് തിരിയുന്നതാണ് ഈ വാക്കിന്റെ വാചിക അര്ത്ഥം ദ്യോധിപ്പിക്കുന്നത്. മനുഷ്യർ തങ്ങളുടെ അധാര്മ്മികമായ പ്രവര്ത്തികളിൽ നിന്ന് പിന്തിരിഞ്ഞു ദൈവത്തിലേക്ക് എത്തണം എന്നാണീ പ്രയോഗത്തിന്റെ സാരം.

സുവിശേഷം രണ്ട് സന്ദേശങ്ങള് ആണ് നല്കുന്നത്. ഒന്നാമത്തെ സന്ദേശം മാനസാന്തരപ്പെടണം എന്നതാണ്. യാക്കോബ് 4:8 അനുസ്മരിപ്പിക്കുന്നതു പോലെ ദൈവത്തോടു ചേര്ന്നു നിന്നാല് ദൈവവും ചേര്ന്നു നില്ക്കും എന്നാണിതിന്റെ ചിന്ത. മാനസാന്തരപ്പെടുന്നില്ലെങ്കില് നാശമായിരിക്കും ഫലം എന്ന സുചനയും സുവിശേഷം നല്കുന്നുണ്ട്. പശ്ചാത്താപം മാനസാന്തരത്തിലേക്കും മാനസാന്തരം അനുഗ്രഹത്തിലേക്കും നയിക്കും എന്ന് സുവിശേഷം വ്യക്തമാക്കുന്നു. ചരിത്രത്തില് സംഭവിച്ച ചില ദു:ഖകരമായ സംഭവങ്ങളെ എടുത്ത് വച്ചിട്ട് മാനസന്തരപ്പെടുന്നില്ലെങ്കില് കാത്തിരിക്കുന്നത് അത്തരം ദുരനുഭവങ്ങളായിരിക്കും എന്ന് സുവിശേഷം വ്യക്തമാക്കുന്നു.

വചനസന്ദേശത്തിന്റെ രണ്ടാം ഭാഗം വ്യക്തമാണ്. മാനസന്തരങ്ങളൊക്കെ ഫലം പുറപ്പെടുവിപ്പിക്കലിലേക്ക് നിളുന്നതാകണം. നന്മയിലേക്ക് മിഴിതുറക്കാത്ത അനുതാപങ്ങൾക്കൊന്നും അനുഗ്രഹമാകാന് കഴിയില്ല എന്ന് സുവിശേഷം സാക്ഷിക്കുന്നു. അത്തിവ്രക്ഷങ്ങളൊക്കെ ഫലം പുറപ്പെടുവിപ്പിക്കുംമ്പോള് ആണ് അത് യഥാര്ത്ഥത്തിൽഅനുഗ്രഹമായിത്തീരുക. കൃഷിക്കാരനായ ദൈവം ഫലത്തിൽകുറഞ്ഞൊന്നും അതില് നിന്ന് പ്രതീക്ഷിക്കുന്നില്ല. സമൃദ്ധമായ വളര്ച്ചയും, നിബിഡമായ ഇലചാര്ത്തും ഫലത്തിലേക്ക് എത്തുന്നി ല്ലെങ്കില് അതിന്റെ അസ്ഥിത്വത്തിനു അടിസ്ഥാനമില്ലെന്നു ചുരുക്കം . അര്പ്പിക്കുന്ന സര്വ്വത്തെയും അനശ്വരമാക്കുന്ന ദൈവം. അത്തിവൃക്ഷത്തിന്റെ ഇലച്ചാര്ത്തുകൾക്കിടയിൽ തിരയുകയാണ് അനുതാപത്തിന്റെ മാനസാന്തരത്തിന്റെ ഫലങ്ങള്.

ഫലങ്ങള് പുരപ്പെടുവിക്കുന്നതിലാണ് മാനസാന്തരം പൂര്ണ്ണമാകുന്നത് എന്ന് സുവിശേഷം വ്യക്തമാക്കുന്നു. ഫലങ്ങള് പുറപ്പെടുവിക്കുന്ന മാനസാന്തരങ്ങളാണ് വെട്ടികളയാതെ സുക്ഷിക്കാൻ കാരണമാകുന്നത്. 'നാഥാ ഞങ്ങളോട് കൂടെ വസിക്കണമേ' എന്ന അപ്പസ്തോലിക പ്രബോധനത്തില് പുണ്യസ്മരണാര്ഹനായ വാഴ്ത്തപ്പെട്ട ജോണ് പോൾ രണ്ടാമൻമാര്പാപ്പ സുചിപ്പിക്കുന്നു. നിന്റെ വിശുദ്ധ ബലിയര്പ്പണം ദൈവാലയത്തിന്റെ ചുമരുകൾ കടന്ന് ചന്ത സ്ഥലം (Market Place)വരെ നീളുന്നില്ലെങ്കിൽ ബലിയര്പ്പണം പ്രയോജനരഹിതമാണ്. മാനസാന്തരത്തിന്റെ ഫലം തേടിയെത്തുന്ന കര്ത്താവിനു കാഴ്ച്ച വെയ്ക്കാൻ നന്മയുടെ ഫലം വിളയിച്ച് നമുക്ക് കാത്തിരിക്കാം. കര്ത്താവിന്റെ അനുഗ്രഹത്തിന്റെ വലതുകരത്തിൻ കിഴെ നമുക്ക് താഴ്മയോടെ നില്ക്കാം.

**Fr. Saji Vattukalam, Palghat Diocese.**